(സി) തൊഴിൽ നിയമങ്ങൾ പാലിക്കാത്ത തൊഴിൽ ഉടമകളെ ശിക്ഷിക്കുന്നതിന് വിവിധ തൊഴിൽ നിയമങ്ങൾക്ക് വിധേയമായി പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാറുണ്ട്.

(ഡി) ലേബർ കോടതികളുടെ പ്രവർത്തനം കാര്യക്ഷമമായാണ് നടക്കുന്നത്.

(ഇ) മാനേജ്മെന്റിന് അനുകൂലമായി പോലീസിനെ ഉപയോഗിക്കാറില്ല.

പുതിയ ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ

71(974) പ്രൊഫ. എ. വി. താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായിട്ട് ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം; അവയുടെ ഉൽപ്പാദനശേഷി, ചെലവഴിച്ച തുക എന്നിവ വെളിപ്പെടുത്തുമോ;

(സി) ഏതെല്ലാം ഹൈഡ്രോ ഇലക്ട്രിക് പദ്ധതികൾക്കാണ് കേന്ദ്രാനുമതി പുതുതായി ലഭിച്ചിട്ടുള്ളത്; ഇനിയും അനുമതി ലഭിക്കാനുള്ള പദ്ധതികൾ ഏതെല്ലാം;

(ഡി) ഈ പദ്ധതികൾ ഓരോന്നിൽ നിന്നും എന്ത് വൈദ്യുതി ഉൽപ്പാദനമാണ് പ്രതീക്ഷിക്കുന്നതെന്നും ഇവ എന്നേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്നും വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) താഴെപ്പറയുന്ന ജലവൈദ്യുത പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

1. പേപ്പാറ
2. ലോവർ പെരിയാർ
3. മാട്ടുപ്പെട്ടി
4. പെരിങ്ങൽകുത്ത് ലെഫ്റ്റ് ബാങ്ക് എക്സ്റ്റൻഷൻ
5. കക്കാട്

ഈ പദ്ധതികളുടെ ഉൽപ്പാദന ശേഷി, ചെലവഴിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

	പദ്ധതിയുടെ പേര്	ഉൽപ്പാദനശേഷി	ചെലവഴിച്ച തുക (രൂപ ലക്ഷത്തിൽ)
1.	പേപ്പാറ	1 X 3 മെ.വാ	618.64
2.	മാട്ടുപ്പെട്ടി	1 X 2 മെ.വാ	445.29
3.	ലോവർ പെരിയാർ	3 X 60 മെ.വാ	35093.53
4.	പെരിങ്ങൽകുത്ത് ലെഫറ്റ് ബാങ്ക്	1 X 16 മെ.വാ	4264.37
5.	കക്കാട്	2 X 25 മെ.വാ	15129.23

(സി) ആതിരപ്പിള്ളി പദ്ധതിക്ക് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ട്. ചെങ്കുളം ആധുനീകരണം പദ്ധതിക്ക് ഒന്നാംഘട്ട അനുമതി ലഭിച്ചിട്ടുണ്ട്. അന്തിമാനുമതി ലഭിക്കാനുണ്ട്. കുര്യാർകുട്ടി - കാരപ്പാറ, കുറ്റ്യാടി അഡിഷണൽ എക്സ്റ്റൻഷൻ, പൂയംകുട്ടി സ്റ്റേജ്-1 എന്നീ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിക്കാനുണ്ട്.

(ഡി) ഈ പദ്ധതികളുടെ ഉൽപ്പാദനശേഷി ചുവടെ ചേർക്കുന്നു.

1. ആതിരപ്പിള്ളി (163 മെ.വാ/303 മി.യു)
2. ചെങ്കുളം ആധുനീകരണം (84 മി.യു)
3. കുര്യാർകുറ്റി-കാരപ്പാറ (84 മെ.വാ/198 മി.യു)
4. കുറ്റ്യാടി അഡീഷണൽ എക്സ്റ്റൻഷൻ (2 X50 മെ.വാ/204 മി.യു)
5. പൂയംകുട്ടി സ്റ്റേജ്-1 (240 മെ.വാ/645 മി.യു)

ആതിരപ്പിള്ളി പദ്ധതി 2004-ൽ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്. മറ്റുള്ള പദ്ധതികൾ കേന്ദ്രാനുമതി ലഭിച്ചതിനുശേഷം മാത്രമേ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ.

താരിഫ് റെഗുലേറ്ററി കമ്മീഷൻ

72(975) ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. ജോസ് ബേബി :
ശ്രീ. പ്രകാശ് ബാബു :
ശ്രീ. സത്യൻ മൊകേരി :
പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly